# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3623 | 11.11.2019- ൽ മറുപടിക്ക് |

## റീബിൽഡ് കേരള പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ.എ.നെല്ലിക്കുന്ന് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | റീബിൽഡ് കേരള എന്ന പദ്ധതി നടപ്പിലാക്കിയത് എപ്പോഴാണ്; വ്യക്തമാക്കാമോ | (എ)<br>&<br>(ബി) | 2018 ലെ പ്രളയത്തിൽ വൻനാശമുണ്ടായ കേരളത്തെ അതിജീവനക്ഷമവും പരിസ്ഥിതിസൗഹൃദവുമായ തരത്തിൽ പുനർനിർമിക്കുന്നതിനുള്ള പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI)ന് രൂപം നൽകിയത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നിർവഹണ രീതിക്കും സ്ഥാപനതല ക്രമീകരണത്തിനും സർക്കാർ രൂപം നൽകിയത് 2018 നവംബർ മാസത്തിലാണ്.<br>വിവിധ സർക്കാർവകുപ്പുകളുമായും ഏജൻസികളുമായും ബന്ധപ്പെട്ടു കിടക്കുന്ന സങ്കീർണവും ബഹുതല സ്പർശിയുമായ പ്രവർത്തനമേഖലയാണ് RKI യുടേത്. ഇത് കണക്കിലെടുത്തുകൊണ്ട് സുതാര്യതയോടെ, വേഗത്തിൽ പദ്ധതികൾ രൂപപ്പെടുത്തുന്നതിനായി, ചുവടെ പറയുന്ന തരത്തിലുള്ള സ്ഥാപനതല ചട്ടക്കൂടാണ് RKI യ്ക്കുള്ളത്.<br>1.**മന്ത്രിസഭ**- പുനർനിർമാണം സംബന്ധിച്ച നയപരമായ തീരുമാനങ്ങളും പദ്ധതി അംഗീകാരവും മന്ത്രിസഭയായിരിക്കും കൈകാര്യം ചെയ്യുന്നത്.<br>2. **ഉപദേശക സമിതി-** മുഖ്യമന്ത്രി ചെയർമാനും ചീഫ് സെക്രട്ടറി മെമ്പർ സെക്രട്ടറിയുമായ സമിതിയിൽ കേന്ദ്രമന്ത്രി, നാല് സംസ്ഥാന മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, സംസ്ഥാന പ്ലാനിങ് ബോർഡ് വൈസ് ചെയർമാൻ, വിവിധ രംഗങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ച 8 പേർ, RKI ഇംപ്ലിമെന്റേഷൻ കമ്മിറ്റി അംഗങ്ങൾ എന്നിവരുൾപ്പെടെ 20 പേർ അംഗങ്ങളായുണ്ട്.<br>3. **ഉന്നതാധികാര സമിതി (HLEC)**- ചീഫ് സെക്രട്ടറി ചെയർമാനായ സമിതിയിൽ, ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി ചെയർമാൻ, 8 വകുപ്പ് |
| (ബി) | റീബിൽഡ് കേരളയുടെ നടത്തിപ്പിനും മറ്റു കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഏതെങ്കിലും പ്രത്യേക സമിതി രൂപവൽകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതിക്ക് നേതൃത്വം നൽകുന്ന വ്യക്തികൾ ആരാണെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | സെക്രട്ടറിമാർ, മുഖ്യമന്ത്രിയുടെ സെക്രട്ടറി, ആർ.കെ.ഐ. സി.ഇ.ഒ. (മെമ്പർ സെക്രട്ടറി), ശ്രീ. ടി.കെ.എ. നായർ, ശ്രീ. കെ.എം.ചന്ദ്രശേഖർ എന്നിവർ അംഗങ്ങളാണ്.<br>4. **ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി**– മുൻ ചീഫ് സെക്രട്ടറി ഡോ. കെ.എം. എബ്രഹാം ചെയർമാനും മുഖ്യമന്ത്രിയുടെ സെക്രട്ടറി, ആർ.കെ.ഐ. സി.ഇ.ഒ. എന്നിവർ അംഗങ്ങളുമായതാണ് ഈ സമിതി.<br>കൂടാതെ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് ഭരണപരമായ പിന്തുണ നൽകുന്നതിനായി ആർ.കെ.ഐ. സെക്രട്ടറിയേറ്റും പ്രവർത്തിക്കുന്നു. |
| (സി)<br><br>(ഡി) | റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിക്കും ആവശ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;<br><br>റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയതും ഇപ്പോൾ നടന്നുവരുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിന് ആവശ്യമായ തുക എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഈ പ്രവൃത്തികളുടെ നിർവ്വഹണ വകുപ്പ് ഏതാണെന്ന് വ്യക്തമാക്കാമോ? | (സി) & (ഡി) | റീബിൽഡ് കേരള പദ്ധതിയിൽ ജില്ലാടിസ്ഥാനത്തിലല്ല പദ്ധതികൾ രൂപപ്പെടുത്തുന്നത്. സംയോജിത ജലവിഭവ പരിപാലനവും ജലവിതരണവും, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും , മൽസ്യമേഖല, ജീവനോപാധികൾ, ഭൂമി എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ച് കിടക്കുന്ന പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖല ശക്തിപ്പെടുത്തൽ എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ മേഖലകളുമായി ബന്ധപ്പെട്ട വകുപ്പുകൾ തയാറാക്കുന്ന പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പരിഗണിക്കുന്നത്. അംഗീകാരം ലഭിച്ച പദ്ധതികളുടെ വിശദമായ പദ്ധതി രേഖ തയാറാകുന്ന മുറയ്ക്കുമാത്രമേ അതിനുവേണ്ടിവരുന്ന തുക സംബന്ധിച്ച് വ്യക്തതയുണ്ടാകൂ. ഓരോ മേഖലയുമായും ബന്ധപ്പെട്ട വകുപ്പുകൾക്ക് തന്നെയാണ് പദ്ധതികളുടെ നിർവഹണച്ചുമതലയും.<br>ചുവടെ പറയുന്ന പദ്ധതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് ഇതിനകം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇവയുടെ വിശദമായ പദ്ധതിരേഖ തയാറാക്കി നിർവഹണം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>1.പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള 31 റോഡുകളുടെ പുനർനിർമാണത്തിനായി നടപ്പുസാമ്പത്തികവർഷം 300 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)<br>2.തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ എട്ട് ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമാണത്തിന് 488 കോടി രൂപ (ലോകബാങ്കിന്റെ വികസന |

| | | | |
|---|---|---|---|
| | | | നയവായ്പയിൽനിന്ന്)<br>3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്കു കുറുകെ പുതിയ ടു ലെയിൻ പാലം നിർമിക്കുന്നതിനുള്ള 30 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.<br>4.വനംവകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്നു പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം.<br>5.മൽസ്യബന്ധന വകുപ്പിന്റെ കൂട് മൽസ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.<br>(3 മുതൽ 5 വരെ പദ്ധതികൾക്ക് ഭരണാനുമതി ഒരു മാസത്തിനുള്ളിൽ )<br>ജലവിഭവം, തദ്ദേശസ്വയംഭരണം, കൃഷി, മൃഗസംരക്ഷണം, റവന്യൂ തുടങ്ങി വിവിധ വകുപ്പുകളുടെ പദ്ധതികൾ ഉന്നതാധികാര സമിതിയുടെ പരിഗണനയിലുണ്ട്. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**